# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 05 2020



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

## മകരവിളക്ക് ഉത്സവം: സുരക്ഷ ശക്തമാക്കി ഫയർഫോഴ്സ്

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സുരക്ഷ ശക്തമാക്കിയിട്ടു ന്ന് സന്നിധാനം ഫയർഫോഴ്സ് സ്പെഷ്യൽ ഓഫീസർ എം എസ് സുവി പറഞ്ഞു. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഉപ്പുപാറ, പുല്ലുമേട്, കുമളി, സത്രം, വ 1പ്പെരിയാർ, പരുന്തുംപാറ, പാഞ്ചാലിമേട്, പഞ്ഞിപ്പാറ, അയ്യൻ മല, ഇലവുങ്കൽ, അട്ടത്തോട്, ളാഹ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ പുതിയ ഫയർ യൂണിറ്റുകൾ സ്ഥാപിക്കും. ഓരോ യൂണിറ്റിലും ഒരു വാഹനവും ആറ് ജീവനക്കാരുമാണു 0വുക.മകരവിളക്കുത്സവത്തോടനുബന്ധിച്ച് കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ സന്നിധാനത്തെത്തും. തിരുവാഭരണ ഘോഷയാത്രയോടൊപ്പം ആറുപേരടങ്ങുന്ന സ്പെഷ്യൽ ടീമും ഉ 0വും.

സന്നിധാനത്ത് ശരംകുത്തി, മരക്കൂട്ടം, കെ എസ് ഇ ബി, നടപ്പന്തൽ, കൊ പ്രാക്കളം, ഭസ്മക്കുളം, മാളികപ്പുറം, പാ 1ത്താവളം, സന്നിധാനം എന്നീഒൻപതു പോയന്റുകളിലായി അറുപത്തിയാറ് ജീവനക്കാരാണ് സന്നിധാനത്ത് സുരക്ഷയൊരുക്കുന്നത്. പമ്പയിൽ ഏഴ് പോയന്റുകളിലായി അറുപത്തിയാറ് ജീവനക്കാരും സുരക്ഷയൊരുക്കുമെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

(പി.ആർ. ശബരി-295)

## കെ.എസ്.ഇ.ബി 600 അധിക ലൈറ്റുകള്‍ സ്ഥാപിക്കും

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പ മുതല്‍ സന്നിധാനം വരെ അറുനൂറ് അധിക ലൈറ്റുകള്‍ സ്ഥാപിക്കുമെന്ന് കെ.എസ്.ഇ.ബി സന്നിധാനം അസിസ്റ്റന്റ് എഞ്ചിനീയര്‍ പി ആര്‍ രാജീവ് പറഞ്ഞു. പമ്പ മുതല്‍ സന്നിധാനം വരെ ഇതുവരെ 4,000 ലൈറ്റുകള്‍ സ്ഥാപിച്ചിട്ടു ്. എല്‍ ഇ ഡി, ട്യൂബ്, സോഡിയം ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മകരവിളക്കിനോടനുബന്ധിച്ച് കൂടുതല്‍ ഉദ്യോഗസ്ഥരെ ജോലികള്‍ക്കായി നിയോഗിക്കും. വൈദ്യുതി വിതരണം തടസമില്ലാതെ പ്രവര്‍ത്തിക്കുന്നതിനായി എല്ലാ ട്രാന്‍സ്ഫോര്‍മര്‍ പോയിന്റുകളിലും ഒരു ഉദ്യോഗസ്ഥനെ നിയമിക്കും. ഉരക്കുഴി, ഹെലിപ്പാഡ് എന്നിവിടങ്ങളില്‍ കൂടുതല്‍ വൈദ്യുത വിളക്കുകള്‍ സ്ഥാപിക്കും. കെ എസ് ഇ ബിയിലെ മുതിര്‍ന്ന ഉദ്യോഗസ്ഥര്‍ ടീമുകളായി തിരിഞ്ഞ് പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തുന്നുെ ന്നും അസിസ്റ്റന്റ് എഞ്ചിനീയര്‍ പറഞ്ഞു.

(പി.ആര്‍. ശബരി–296)

## ശുചിത്വമില്ലാത്ത കടകള്‍ക്കെതിരെ നടപടിയുമായി ഡ്യൂട്ടി മജിസ്ട്രേറ്റ്

മകരവിളക്ക് മഹോത്സവത്തിന് നട തുറന്നതു മുതല്‍ ഇന്നലെ വരെ ശബരിമലയില്‍ ശുചിത്വം പാലിക്കാതിരിക്കുകയും ക്രമക്കേട് കാട്ടുകയും ചെയ്ത 152കടകള്‍ക്കെതിരെ നടപടി. സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് എം ടി അനില്‍കുമാറിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡാണ് പരിശോധന നടത്തിയത്. 1,40,000 രൂപ ഹോട്ടലുകളില്‍ നിന്നും കടകളില്‍ നിന്നും പിഴ ഈടാക്കി. സ്ക്വാഡ് നടത്തിയ പരിശോധനയില്‍ കിലോകണക്കിന് ചീത്തയായ പച്ചക്കറികളും, മുളച്ച ഉരുളക്കിഴങ്ങുകളും, പഴകിയ ഭക്ഷ്യ വസ്തുക്കളും ക െത്തി നശിപ്പിച്ചു. ക്യൂ കോംപ്ലക്സില്‍ അളവുതൂക്കത്തില്‍ കൃത്രിമം കാണിച്ച ഹോട്ടലുകള്‍ക്ക് 5,000 രൂപ പിഴയിട്ടു. ചരല്‍മേടിനും സന്നിധാനത്തിനുമിടയിലുള്ള ശുചിത്വമില്ലാത്ത മൂന്ന് കടകള്‍ അടപ്പിച്ചു. പൂര്‍ണ്ണമായും വൃത്തിയാക്കിയ ശേഷമാണ് അവയെ വീ ും പ്രവര്‍ത്തിക്കാന്‍ അനുവദിച്ചതെന്നുംഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു. ചരല്‍മേട് ജംഗ്ഷന്‍, മരക്കൂട്ടം-ശരംകുത്തി റോഡ് എന്നിവിടങ്ങളിലാണ് സ്ക്വാഡ് റെയ്ഡ് നടത്തുന്നത്. ലീഗല്‍ മെട്രോളജി,ഹെല്‍ത്ത്, റവന്യൂ,റേഷനിംഗ്,എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥര്‍ ഉള്‍പ്പെട്ടതാണ് സ്ക്വാഡ്.

(പി.ആര്‍. ശബരി–297)

## കലിയുഗവരദന് സംഗീതാര്‍ച്ചന

അപ്രതീക്ഷിതമായി പെയ്ത വേനല്‍ മഴക്കൊപ്പം ഭക്തരുടെ മനസിനെ കുളിരണിയിച്ച് സന്നിധാനത്ത് ആര്‍.എല്‍.വി ബൈജുവും സംഘവും സംഗീതാര്‍ച്ചന നടത്തി. സന്നിധാനം വലിയ നടപ്പന്തലില്‍ വോക്കലിലും ഫ്യൂഷനിലും സംഗീതം അവതരിപ്പിച്ചപ്പോള്‍ ശരണ മന്ത്രഘോഷങ്ങളാല്‍ സന്നിധാനം ഭക്തി സാന്ദ്രമായി. ഫ്യൂഷന്‍ സംഗീത പരിപാടിയില്‍ നീലംപേരൂര്‍ ശ്രീറാം ഇടക്കയും ,ഹരിപ്പാട് ദേവനാരായണന്‍ മൃദംഗവും, വിനീത് നാദസ്വരവും ,ശ്രീനാഥ് കടപ്ര മൃദംഗവും പിന്ന ണിയായി.

(പി.ആർ. ശബരി–298)




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 5<br>January 5 | 2020 |
| --- | --- |

*1193 ധനു 20* ഞായർ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**തിരുവല്ല ബൈപാസ് നിർമാണം മേയ് 31 ന് അകം**
**പൂർത്തിയാക്കും: കെ.എസ്.ടി.പി പ്രൊജക്ട് ഡയറക്ടർ**

തിരുവല്ല ബൈപാസ് നിർമാണം മേയ് 31 ന് അകം പൂർത്തിയാക്കുമെന്ന് കെ.എസ്.ടി.പി പ്രൊജക്ട് ഡയറക്ടർ എം.ജി.രാജമാണിക്യം പറഞ്ഞു. മാത്യു.ടി.തോമസ് എം.എൽ.എ യോടൊപ്പം ബൈപാസ് റോഡിന്റെ നിർമാണ പ്രവർത്തികൾ വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മഴുവങ്ങാട് ചിറ മുതൽ മല്ലപ്പള്ളി റോഡ് വരെയുള്ള ഭാഗത്തിന്റെ നിർമാണം മാർച്ച് ആദ്യ വാരം പൂർത്തിയാക്കും. മല്ലപ്പള്ളി റോഡു മുതൽ രാമൻചിറ വരെയുള്ള ഭാഗം വയഡക്ടിന്റെ പണികൾ പൂർത്തിയാക്കിയ ശേഷം മേയ് 31 ന് തുറന്നു കൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

മല്ലപ്പള്ളി റോഡു മുതൽ രാമൻചിറ വരെയുള്ള ഭാഗത്ത് വയഡക്ടിൽ പത്ത് തൂണുകളാണുള്ളത്. ഇതിൽ ഒരു മാസത്തിൽ 10 ഗർഡറുകൾ വീതം നിർമിക്കാനായിരുന്നു ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ, മാസത്തിൽ 12 ഗർഡറുകൾ വീതം നാല് മാസം കൊ ് 36 ഗർഡറുകൾ നിർമിച്ച് ബൈപാസ് നിർമാണം പൂർത്തിയാക്കാനും അദ്ദേഹം നിർദേശിച്ചു.

മഴുവങ്ങാട് ചിറമുതൽ പുഷ്പഗിരി റോഡു വരെയുള്ള ഭാഗത്തെ വശങ്ങളിൽ ക്രാഷ് ബാരിയറുകൾ ഉടൻ സ്ഥാപിക്കും. പുഷ്പഗിരി റോഡുമായി ചേരുന്ന ഭാഗത്ത് കൂടുതൽ സ്ഥലം വിട്ടു നല്കുമെന്ന് നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ അറിയിച്ചു. ഇതു പ്രകാരം നിലവിൽ നിശ്ചയിച്ച അഞ്ച് സിഗ്നൽ ലൈറ്റിന് പുറമെ ഈ ഭാഗത്ത് ഒരു സിഗ്നൽ

ലൈറ്റ് കൂടി സ്ഥാപിക്കും. മഴുവങ്ങാട്, ബി വൺ ബി വൺ, റെയിൽവേ, മല്ലപ്പള്ളി, രാമഞ്ചിറ റോഡുകളിലാണ് മറ്റ് സിഗ്നൽ ലൈറ്റുകൾ നിർമിക്കുന്നത്. ബൈപാസ് റോഡിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനും കെ.എസ്.ടി.പി തീരുമാനിച്ചു.

വയഡക്ടിന്റെയും മേൽപാലത്തിന്റെയും താഴെയുള്ള ഭാഗം പാർക്കിംഗിനായി ഉപയോഗിക്കാമെന്ന് മാത്യു.ടി.തോമസ് എം എൽ.എ നിർദേശിച്ചു. ബി വൺ ബി വൺറോഡിന്റെ നിർമാണത്തിന് 100 ലോഡ് പച്ച മണ്ണും മല്ലപ്പള്ളി – രാമഞ്ചിറ റോഡിൽ 300 ലോഡ് മണ്ണും ആവശ്യമാണ്. അത് ലഭിക്കുന്ന പ്രകാരം നിർദിഷ്ട സമയത്തിൽ ബൈപാസ് നിർമാണം പൂർത്തിയാക്കുമെന്ന് കെ.എസ്.ടി.പി ചീഫ് എഞ്ചിനീയർ ഡാർലിൻ ഡിക്രൂസ് പറഞ്ഞു.

തിരുവല്ല മുനിസിപ്പൽ കൗൺസിലർ ഷാജി തിരുവല്ല, കെ.എസ്.ടി.പി എക്സിക്യൂട്ടിവ് എഞ്ചിനീയർ എം.സി സുഷമ, കെ.എസ്.ഇ.ബി ഡെപ്യൂട്ടി സി.ഇ. ഒ സണ്ണി ജോൺ, പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.ബി.സുബാഷ്, കെ.എസ്.ടി.പി അസിസ്റ്റന്റ് എഞ്ചിനീയർ റഹമത്ത് ബീവി, കെ.എസ്.ടി.പി കൺസൾട്ടന്റ് വർഗീസ് കുര്യൻ, ബൈപാസ് റോഡ് കോൺട്രാക്ടർ സഞ്ജു മുഹമ്മദ് തുടങ്ങിയവർ എം.എൽഎയോടൊപ്പം സ്ഥലം സന്ദർശിച്ചു. (പിഎൻപി 3926/19)

**ലൈഫ് പദ്ധതി കുടുംബസംഗമം ഈ വാരം ആദ്യം മുതൽ;**
**സേവനങ്ങൾക്കായി വിവിധ വകുപ്പുകളുടെ സ്റ്റാളുകളും**

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിപ്രകാരം സംസ്ഥാനത്ത് ഒന്നും ര ും ഘട്ടങ്ങളിലായി ര ു ലക്ഷം വീടുകളുടെ നിർമാണം പൂർത്തിയാകുന്നതിനോട് അനുബന്ധിച്ച് ഈ വാരം ആദ്യം മുതൽ ജില്ലയിലെ നഗരസഭ, ബ്ലോക്ക് തലങ്ങളിൽ ഭവന നിർമാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ കുടുംബ സംഗമവും വിവിധ സേവന വകുപ്പുകളുടെ അദാലത്തും നടത്തും.

അടൂർ, പന്തളം, പത്തനംതിട്ട, തിരുവല്ല നഗരസഭകളിലും ഇലന്തൂർ, കോയിപ്രം, കോന്നി, മല്ലപ്പള്ളി, പന്തളം, പറക്കോട്, പുളിക്കീഴ്, റാന്നി എന്നീ എട്ട് ബ്ലോക്ക് പഞ്ചായത്തുകളിലുമാണു കുടുംബ സംഗമം നടക്കുക. ബ്ലോക്ക് പഞ്ചായത്തുകളിൽ വിവിധ സേവന വകുപ്പുകളുടെ നേതൃത്വത്തിൽ സ്റ്റാളുകളുടെ പ്രവർത്തനവും കുടുംബസംഗമത്തോടനുബന്ധിച്ച് ഒരുക്കും. സ്റ്റാളുകളിൽ 60 ശതമാനം വിലക്കുറവിൽ ഉത്പന്നങ്ങളും ലഭ്യമാകും. അതോടൊപ്പം വിവിധ സർക്കാർ സേവനങ്ങളും ഈ സ്റ്റാളുകളിൽ നിന്ന് ലഭിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സിവിൽ സപ്ലൈസ്, കൃഷി, സാമൂഹ്യ നീതി, ഐ.ടി വകുപ്പ്(അക്ഷയ കേന്ദ്രം), ഫിഷറീസ്, വ്യവസായ വകുപ്പ്, പട്ടികജാതി-പട്ടികവർഗ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, റവന്യൂ, വനിതാ ശിശു വികസനം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളുടേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ശുചിത്വ മിഷൻ, കുടുംബശ്രീ, ലീഡ് ബാങ്ക് എന്നിവയുടേയും സേവന സ്റ്റാളുകളാണ് കുടുംബസംഗമത്തിൽ ഒരുക്കുന്നത്. ഈ 17 സ്റ്റാളുകളിൽ നിന്നു വിവിധ സേവനങ്ങളും ലഭിക്കും.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാളിലെ സേവനങ്ങൾ

വാർധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, ഭിന്നശേഷി പെൻഷൻ, തൊഴിൽരഹിത വേതനം, ജനന-മരണ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, സ്ഥിരതാമസ സാക്ഷ്യപത്രം എന്നിവയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കും.

2. സിവിൽ സപ്ലൈസ് വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

റേഷൻകാർഡ് തിരുത്തൽ സംബന്ധിച്ച് അപേക്ഷ സ്വീകരിച്ച് നടപടിയെടുക്കൽ, മുൻഗണനാ കാർഡ് അപേക്ഷകൾ, പുതിയ റേഷൻകാർഡ് അപേക്ഷകൾ, റേഷൻകാർഡിൽ അംഗങ്ങളെ ഉൾപ്പെടുത്തൽ എന്നീ സേവനങ്ങൾ ലഭ്യമായിരിക്കും.

3. കൃഷി വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

കർഷക പെൻഷൻ അപേക്ഷകൾ, ടെറസിൽ ഗ്രോബാഗ് കൃഷി സേവനം, വിത്തുകളുടെയും, തൈകളുടെയും വിതരണം, നൂതന കൃഷി സമ്പ്രദായങ്ങൾ സംബന്ധിച്ച അറിവ് നൽകൽ എന്നീ സേവനങ്ങളു ായിരിക്കും.

4. സാമൂഹ്യ നീതി വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

ഭിന്നശേഷിക്കാരുടെയും വയോജനക്ഷേമ പരിപാടികളുടെയും അപേക്ഷ സ്വീകരിച്ച് സേവനം, സോഷ്യൽ സെക്യൂരിറ്റി, മിഷൻ മുഖേനയുള്ള സേവനങ്ങൾ സംബന്ധിച്ച അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കലും ബോധവൽക്കരണവും, വയോമധുരം, മന്ദഹാസം തുടങ്ങിയ പദ്ധതി മുഖേനയുള്ള സേവനങ്ങൾ, ബാധവൽക്കവണ ബ്രോഷർ വിതരണം തുടങ്ങിയവ ലഭ്യമാണ്.

5. കുടുംബശ്രീ സ്റ്റാളിലെ സേവനങ്ങൾ

സ്വയംതൊഴിൽ പദ്ധതി രജിസ്ട്രേഷനും ബോധവൽക്കരണവും, നൈപുണ്യ വികസനം, സ്ത്രീകൾക്ക് സ്വയംതൊഴിൽ ക ത്തുന്നതിന് ഹെൽപ് ഡെസ്ക്, തൊഴിൽ അധിഷ്ഠിത പരിശീലനം, കുടുംബശ്രീയുടെ വിവിധ പദ്ധതികൾ, ബ്രോഷർ വിതരണം എന്നിവ ലഭ്യമാകും.

6. ഐ.ടി വകുപ്പ് (അക്ഷയകേന്ദ്രം)

ആധാർ എൻറോൾമെന്റ്, ആധാർ പുതുക്കൽ, ആധാർ വിവരങ്ങളിൽ മാറ്റം വരുത്തൽ, തെരഞ്ഞെടുപ്പ് തിരിച്ചറിയിൽ കാർഡ് അപേക്ഷ, പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന അംഗമാക്കൽ, പ്രധാനമന്ത്രി ജീവൻ ജ്യോതി എന്നീ സേവനങ്ങൾ ലഭ്യമാണ്.

7. ഫിഷറീസ് വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

വനിതകൾക്ക് സ്വയംതൊഴിൽ ക ത്താൻ തീരമൈത്രി യൂണിറ്റുകളിൽ അംഗത്വം, കുളം, പുഴ പാട്ടത്തിനെടുത്ത് മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി, ജനകീയ മത്സ്യകൃഷി പദ്ധതി, വനിതകൾക്കൊരു മീൻതോട്ടം, 40 ശതമാനം സബ്സിഡിയുള്ള വിവിധ പദ്ധതികൾ തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാകും.

8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റാളിലെ സേവനങ്ങൾ

ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽദിന ലഭ്യത ഉറപ്പാക്കൽ, നഗര പ്രദേശങ്ങളിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, തൊഴിൽ കാർഡ് വിതരണം, കിണർ നിർമാണം, മഴവെള്ളക്കൊയ്ത്ത്, വേലി നിർമാണം, പശുത്തൊഴുത്ത്, കോഴിക്കൂട്, ആട് വളർത്തൽ, വർക്ക് ഷെഡ് നിർമാണം, എം.കെ.എസ്.പി മുഖേന തെങ്ങ് കയറ്റ പരിശീലനം, ജലസംരക്ഷണം, മാലിന്യ ശേഖരണം, ജിവനോപാധികൾ എന്നിയുടെ പദ്ധതികൾ, 12 രൂപ പ്രീമിയമുള്ള ഇൻഷുറൻസ് സ്കീം എന്നീ സേവനങ്ങളു ാകും.

9. വ്യവസായ വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

തൊഴിൽ വൈദഗ്ധ്യമുള്ള കുടുംബങ്ങളെ പഞ്ചായത്തിലുള്ള സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികളിൽ അംഗങ്ങളാക്കൽ, തൊഴിൽദായക പദ്ധതികൾ പരിചയപ്പെടുത്തൽ, നാനോ ഹൗസ്ഹോൾഡ് പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ, തദ്ദേശസ്വയംഭരണ തലത്തിൽ ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിവേദനം എന്നീ സഹായം ലഭ്യമാണ്.

10. പട്ടികജാതി, പട്ടികവർഗ വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

ഗുണഭോക്തൃ കുടുംബങ്ങൾക്ക് സ്കിൽ ട്രെയിനിംഗ്, വിദ്യാർഥികൾക്ക് വിദേശത്ത് പോകാനുള്ള സൗകര്യമൊരുക്കൽ, വനിതകൾക്കും സ്വയംതൊഴിൽ സഹായ സംഘങ്ങൾക്കും സബ്സിഡി, ചികിത്സാ സഹായം ആവശ്യങ്ങൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമൊരുക്കൽ, വകുപ്പ് വഴി ലഭ്യമാക്കുന്ന വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും ബോധവൽക്കരണം, കുടുംബങ്ങളുടെ തുടർ ആവശ്യകത വിലയിരുത്തൽ, കടം എഴുതിത്തള്ളുന്ന പദ്ധതി എന്നീ സേവനങ്ങൾ കുടുംബസംഗമത്തിൽ ലഭ്യമാകും.

11. ക്ഷീര വികസന വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

പശു വളർത്തലുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം, ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കു ലഭ്യമാകുന്ന പ്രയോജനങ്ങളെക്കുറിച്ച് ബോധവൽക്കരണം എന്നിവ ലഭ്യമാകും.

12. ആരോഗ്യ വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

സൗജന്യ വൈദ്യ പരിശോധന, ജീവിതശൈലി രോഗ ബോധവൽക്കരണ ക്ലിനിക്കുകൾ, രോഗപ്രതിരോധ മാർഗരേഖ കൗൺസിലിംഗ്, ആർദ്രം ജനകീയ കാമ്പയിൻ.

13. റവന്യൂ വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

പട്ടയം നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ, സാക്ഷ്യപത്ര വിതരണം, സി.എം.ഡി.ആർ.എഫ് അദാലത്ത്.

14. ശുചിത്വ മിഷൻ സ്റ്റാളിലെ സേവനങ്ങൾ

മാലിന്യ സംസ്കരണ മാർഗത്തെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കൽ, സോക്പിറ്റ് നിർമിക്കുന്നതിനുള്ള സഹായം, ഗുണഭോക്തൃ കുടുംബങ്ങൾക്ക് ശുചിത്വ മിഷൻ കല ർ തയാറാക്കി നൽകൽ എന്നിവ ലഭ്യമാകും.

15. വനിതാ ശിശു വികസന വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

അംഗനവാടികളിൽ പോകാത്ത കുട്ടികൾ, കിടപ്പ് രോഗികൾ എന്നിവരെ ക ത്തി സഹായം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ.

16. ഗ്രാമവികസന വകുപ്പ് സ്റ്റാളിലെ സേവനങ്ങൾ

എം.കെ.എസ്.പി പദ്ധതിയിൽ ഉൾപ്പെടുന്ന തെങ്ങുകയറ്റം, കൃഷി തുടങ്ങിയവയ്ക്ക് യന്ത്രങ്ങൾ സൗജന്യമായി നൽകൽ.

17. ലീഡ് ബാങ്ക് സ്റ്റാളിലെ സേവനങ്ങൾ

അക്കൗ ് ഓപ്പണിംഗ്, അടൽ പെൻഷൻ പദ്ധതിയിൽ ചേർക്കൽ, കുറഞ്ഞ ചിലവിൽ ചേരാവുന്ന ലൈഫ് ഇൻഷുറൻസ്, അപകട ഇൻഷുറൻസ് പോളിസികളിൽ ചേർക്കൽ എന്നീ സേവനങ്ങൾ. (പിഎൻപി 3927/19)

ഫോട്ടോ അടിക്കുറിപ്പ്

1) തിരുവല്ല ബൈപാസ് നിർമാണം വിലയിരുത്തുന്നതിന് മാത്യു.ടി.തോമസ് എം.എൽ.എയുടെ സാന്നിധ്യത്തിൽ കെ.എസ്.ടി.പി പ്രൊജക്റ്റ് ഡയറക്ടർ എം.ജി.രാജമാണിക്യത്തിന്റെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം സ്ഥലം സന്ദർശിക്കുന്നു.




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 05 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

## പരമ്പരാഗത പാതയിൽ പാചകത്തിന് നിയന്ത്രണം

പരമ്പരാഗത പാതയിയൽ ചെറിയാന വട്ടം മുതൽ സ്ഥാപിച്ചിരിക്കുന്ന താൽക്കാലിക വിരികളിൽ ഗ്യാസ് സിലി ർ ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. സുരക്ഷാ മാനദണ്ഡങ്ങളിലെ നടപടിയ്ക്ക് ആധാരം. മതിയായ സുരക്ഷ ഉറപ്പുവരുത്താൻ ഫോറസ്റ്റ്, ഫയർഫോഴ്സ്, പോലീസ് അധികാരികൾക്ക് നിർദേശം നൽകിയിട്ടു ന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു. പമ്പ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് ദിവസങ്ങളിലായി പ്രവർത്തിച്ചുവരുന്ന സ്കോഡ് പമ്പയിലെ വിവിധ ഹോട്ടലുകളിലും വ്യാപാരസ്ഥാപനങ്ങളും പരിശോധനയിൽ പഴകിയ ആഹാരസാധനങ്ങൾ ക െത്തുകയും കരാറുകളിൽ നിന്നും 1,28,000 രൂപ പിഴ ഈടാക്കുകയും ചെയ്തു. പമ്പയിലെ താൽക്കാലിക വിരിവയ്പ്പ് കേന്ദ്രത്തിൽ ഭക്തരെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പിഴ ഇടാക്കി. പമ്പയിൽ ഭക്തർ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ അടിഞ്ഞു കൂടി കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് അവ കാര്യക്ഷമമായി നീക്കം ചെയ്യാൻ കരാറുകരന് നിർദേശം നൽകി, വേ നടപടികൾ സ്വീകരിച്ചതായും അദ്ദേഹം അറിയിച്ചു. റവന്യൂ, സിവിൽ സപ്ലൈസ്, ലീഗൽ ,അരോഗ്യ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പുകൾ സംയുക്തമായാണ് പരിശോധന നടത്തിയത്.

(പി.ആർ. ശബരി-299)

## കാട്ടുപന്നിയുടെ ആക്രമണം: അയ്യപ്പഭക്തർ ചികിത്സതേടി

കാട്ടു പന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ അയ്യപ്പഭക്തർ പമ്പ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി. ഒമ്പതോളം അയ്യപ്പഭക്തർക്കാണ് കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റത്. നിസാര പരിക്കേറ്റവർക്ക് പ്രാഥമിക ചികിത്സ നൽകിയ ശേഷം കൂടുതൽ ചികിത്സ ആവശ്യമുള്ളവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് അയച്ചു. പരിക്കേറ്റവരിൽ മലയാളികളും തമിഴ്നാട്ടിൽ നിന്നുള്ള അയ്യപ്പഭക്തരും ഉൾപ്പെടുന്നു.

(പി.ആർ. ശബരി-300)

.

## ശബരിമല നാളത്തെ (06-01-2020) ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ | 2.45 ന് പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| 3.15 മുതൽ 7 മണി വരെ | നെയ്യഭിഷേകം |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |
| 8 മണി മുതൽ 11.15 വരെ | നെയ്യഭിഷേകം തുടരും |
| 11.45ന് | കലശാഭിഷേകം |
| 12 മണിക്ക് | കളഭാഭിഷേകം |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | നട അടയ്ക്കും |
| വൈകുന്നേരം | 4 മണി തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 7 മണിക്ക് | പുഷ്പാഭിഷേകം |
| 9.30 ന് | അത്താഴപൂജ |
| രാത്രി 10.50 ന് | ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും. |


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.